**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1307** **12-02-2025 - ൽ മറുപടിയ്ക്ക്**

**ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാം-വനമേഖലയിൽ, ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ചിമ്മിനി ഡാമിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി 99,90,000/- രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്ന് നടപ്പിലാക്കുന്ന ഡെസ്റ്റിനേഷൻ ചലഞ്ച് സ്കീമിലൂടെ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഈ പദ്ധതി രൂപരേഖ പരിശോധിച്ച് വിനോദസഞ്ചാര വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ വിനോദസഞ്ചാര വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (ബി) | മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുകയും ആയതിന് ഭരണാനുമതിയും ലഭിച്ച സാഹചര്യത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ (വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ) ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ചിമ്മിനി ഡാമിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി 99,90,000/- രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനവും ചേർന്ന് നടപ്പിലാക്കുന്ന ഡെസ്റ്റിനേഷൻ ചലഞ്ച് സ്കീമിലൂടെ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഈ പദ്ധതി രൂപരേഖ പരിശോധിച്ച് വിനോദസഞ്ചാര വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ വിനോദസഞ്ചാര വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (സി) | ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി വനം വകുപ്പ് മുഖേന തയ്യാറാക്കി സമർപ്പിച്ച 5 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റിന് അനുമതിയും ബാക്കി ഫണ്ടും അനുവദിക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | നിലവിൽ 99,90,000/- രൂപയുടെ പദ്ധതി ഡെസ്റ്റിനേഷൻ ചലഞ്ച് സ്കീം മുഖേന നടപ്പിലാക്കുന്നത് വകുപ്പിന്റെ പരിഗണനയിലായതിനാൽ, ഇതിന് തീരുമാനമാകുന്ന മുറയ്ക്ക് 5 കോടി രൂപയുടെ പദ്ധതി പരിഗണിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ